E-491390/2024/ICPS DWCD

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹാജർ. ഹരിത വി കുമാർ IAS, വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി)

വിഷയം:- വനിത ശിശു വികസന വകുപ്പ് –സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- ഓർഫനേജ് ഗ്രാന്റ് 2023-2024 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. 1964 ലെ ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ്
2. സ.ഉ.(അച്ചടി) നമ്പർ.4/2021 സാ.നി.വ തീയതി 02.02.2021
3. ഈ കാര്യാലയത്തിലെ 02.03.2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
4. ഈ കാര്യാലയത്തിലെ 28.05.2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
5. ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ അപേക്ഷ.

<u>ഉത്തരവ് നം. DWCD/5954/2023-ICPS 12 തീയതി: 17-07-2024</u>

ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് പരാമർശം (1) പ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേനയാണ് ഗ്രാന്റ് അനുവദിച്ചു വന്നിരുന്നത്. എന്നാൽ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് ഗ്രാന്റ് ഇൻ എയ്ഡ് റൂൾസ് ഭേദഗതി വരുത്തി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾ (2) അനുസരിച്ച് വനിത ശിശു വികസന ഡയറക്ടർ ആണ് ഗ്രാന്റ് അനുവദിക്കേണ്ടത്. ഇതിൻ പ്രകാരം 2023-2024 സാമ്പത്തിക വർഷം സംസ്ഥാനത്തെ ജില്ലകൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് ഇനത്തിൽ ജില്ലാ പഞ്ചായത്തിന് 2235-02-196-50(01) എന്ന ശീർഷകത്തിൽ 3,52,91,061/- രൂപയും മുനിസിപ്പാലിറ്റിയിക്ക് 2235-02-192-50(01) എന്ന ശീർഷകത്തിൽ 80,73,691/- രൂപയും കോർപ്പറേഷന് 2235-02-191-50(01) എന്ന ശീർഷകത്തിൽ 4,49,9990/- രൂപ സൂചന (3) പ്രകാരവും, 57,19,480/- രൂപ സൂചന (4) പ്രകാരവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

എന്നാൽ ജില്ലാപഞ്ചായത്തിന്റെ ഹെഡ് map ചെയ്യുന്നതിലുണ്ടായ സാങ്കേതിക തടസ്സം മൂലവും ട്രഷറി നിയന്ത്രണം മൂലവും മിക്ക ജില്ലകളിലും തുക മാറി നൽകുന്നതിന് സാധിച്ചിട്ടില്ല . ജില്ലാപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയാണ് കൂടുതലും മാറിയെടുക്കാൻ കഴിയാതിരുന്നത്. കഴിഞ്ഞ തവണ മാറിയെടുക്കാൻ കഴിയാതിരുന്ന തുക കുടിശികയായി അനുവദിക്കുന്നതിനും കഴിഞ്ഞ തവണ ഗ്രാൻഡ് അനുവദിക്കാതിരുന്ന തിരുവനന്തപുരം,കോഴിക്കോട് ജില്ലകളിലെ സ്ഥാപനങ്ങൾക്ക് ഗ്രാൻഡ് തുക ലഭ്യമാക്കുന്നതിനും വേണ്ടി പ്രസ്തുത ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ സൂചന (5) പ്രകാരവും പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലകൾക്ക് ഓർഫനേജ് ഗ്രാന്റ് ഇനത്തിൽ ജില്ലാ പഞ്ചായത്തിനും മുൻസിപ്പാലിറ്റികൾക്കും കോർപറേഷനും താഴെ പറയും പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| Sl.No | ജില്ല | 2023-24 വർഷത്തെ കുടിശ്ശിക ഇനത്തിൽ നൽകേണ്ട തുക | | |
|---|---|---|---|---|
| | | ജില്ല പഞ്ചായത്ത് | മുൻസിപ്പാലിറ്റി | കോർപ്പറേഷൻ |
| 1 | തിരുവനന്തപുരം | 21,18,648/- | 3,21,393/- | 3,49,898/- |
| 2 | കൊല്ലം | 11,49,191/- | 0 | 0 |
| 3 | പത്തനംതിട്ട | 0 | 0 | 0 |
| 4 | ആലപ്പുഴ | 13,42,029/- | 5,01,756/- | 0 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | കോട്ടയം | 28,59,478/- | 0 | 0 |
| 6 | ഇടുക്കി | 52,40,957/- | 0 | 0 |
| 7 | എറണാകുളം | 42,35,980/- | 3,64,471/- | 0 |
| 8 | തൃശ്ശൂർ | 39,61,093/- | 0 | 0 |
| 9 | പാലക്കാട് | 32,69,781/- | 0 | 0 |
| 10 | മലപ്പുറം | 30,00,000/- | 1,21,075/- | 0 |
| 11 | കോഴിക്കോട് | 19,29,006/- | 0 | 0 |
| 12 | വയനാട് | 21,70,417/- | 0 | 0 |
| 13 | കണ്ണൂർ | 8,25,615/- | 4,23,513/- | 4,49,990/- |
| 14 | കാസറഗോഡ് | 30,11,390/- | 0 | 0 |
| | **ആകെ** | **3,51,13,585/-** | **17,32,208/-** | **7,99,888/-** |
| | **ആകെ** | **3,76,45,681/-** | | |

കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങള്ക്കുള്ള ഗ്രാന്റ് നൽകുന്നതിനായി നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ ജില്ലാ പഞ്ചായത്തിന് 2235-02-196-50(01) എന്ന ശീർഷകത്തിൽ 4,25,00,000/- രൂപയും മുനിസിപ്പാലിറ്റിയിക്ക് 2235-02-192-50(01) എന്ന ശീർഷകത്തിൽ 1,0000,000/- രൂപയും കോർപ്പറേഷന് 2235-02-191-50(01) എന്ന ശീർഷകത്തിൽ 70,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാ വനിത ശിശു വികസന ഓഫീസർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2023-24 വർഷം കുടിശിക ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് കേരള ഗ്രാന്റ് ഇൻ എയ്ഡ് റൂൾ പ്രകാരമുള്ള ഗ്രാന്റ് നൽകുന്നതിന് മേൽ പട്ടിക പ്രകാരം **ജില്ലാ പഞ്ചായത്തിന് 2235-02-196-50 (01)** എന്ന ശീർഷകത്തിൽ നിന്നും 3,51,13,585/ - രൂപയും **മുനിസിപ്പാലിറ്റിയിക്ക് 2235-02-192-50 (01)** എന്ന ശീർഷകത്തിൽ നിന്നും 17,32,208/- രൂപയും **കോർ പറേഷന് 2235-02-191-50 (01)** എന്ന ശീർഷകത്തിൽ നിന്നും 7,99,888/- രൂപയും നൽകുന്നതിനായി ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

മേൽ പട്ടിക പ്രകാരം അനുവദിക്കുന്ന തുക അതാത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ക്ഷേമസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതും, ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം, KFC ഫോം (44) ൽ വാങ്ങേണ്ടതും, പകർപ്പ് ഈ കാര്യാലയത്തിൽ സമർപ്പിയ്ക്കേണ്ടതുമാണ്.

HARITHA V KUMAR
**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ്

1. എല്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. സൂപ്രണ്ട് എ. സെക്ഷൻ
3. ഐ. സി. പി എസ് 12
4. സ്റ്റോക്ക് ഫയൽ

ഉത്തരവിന് പ്രകാരം
സൂപ്രണ്ട്